ഉത്തരം

ഉണ്ട്. നെന്മാറ ഡിവിഷനിലെ നെല്ലിയാമ്പതിയിൽ 246.26 ഏക്കർ വിസ്തൃതിയുള്ള ബിയാട്രീസ് എസ്റ്റേറ്റ്, ചാലക്കുടി ഡിവിഷനിലെ വെള്ളിക്കുളങ്ങര റെയിഞ്ചിൽ ഹാരിസൺ മലയാളം ലിമിറ്റഡിന്റെ മുപ്ലിവാലി എസ്റ്റേറ്റിൽ 22.46 ഹെക്ടർ എന്നിവ ഏറ്റെടുത്തിട്ടുണ്ട്.

ചാലക്കുടി ഡിവിഷനിലെ വെള്ളിക്കുളങ്ങര, പാലപ്പിള്ളി റെയിഞ്ചുകളിൽ ഉൾപ്പെടുന്ന ഹാരിസൺ മലയാളം ലിമിറ്റഡിന്റെ മുപ്ലിവാലി എസ്റ്റേറ്റിന്റെ 4896.65 ഏക്കർ സ്ഥലത്തിന്റെ ലീസ് ഡീഡുകൾ സർക്കാർ റദ്ദാക്കി. ടി ഉത്തരവ് ഇരിഞ്ഞാലക്കുട സബ്കോടതി സ്റ്റേ ചെയ്തിട്ടുള്ളതിനാൽ ഈ സ്ഥലം സർക്കാരിന്റെ അധീനതയിലായിട്ടില്ല.

ആറളം വന്യജീവി സങ്കേതത്തിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന്. നടപടി

120 (4472) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറളം വന്യജീവി സങ്കേതത്തിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) പ്രസ്തുത വന്യജീവി കേന്ദ്രത്തിലേക്കുള്ള മീൻമുട്ടി വെള്ളച്ചാട്ട റോഡ് അടിവൃദ്ധിപ്പെടുത്തുന്നതിനുള്ള നിർദ്ദേശത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആറളം വന്യജീവി സങ്കേതത്തിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി താഴെ പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

1. ആറളം വന്യജീവി സങ്കേതത്തിന്റെ വൈൽഡ് ലൈഫ് ഡിവിഷൻ ഓഫീസ് വികസിപ്പിച്ചിട്ടുണ്ട്.

2. ആറളം വന്യജീവി സങ്കേതത്തിലെ ഇന്റർപ്രെട്ടേഷൻ സെന്റർ മെച്ചപ്പെടുത്തിയിട്ടുണ്ട്.

3. ആറളം വന്യജീവി സങ്കേതത്തിലെ സ്റ്റാഫ് ക്വാർട്ടേഴ്സ് വികസിപ്പിച്ചിട്ടുണ്ട്.

(ബി) ഈ വന്യജീവി കേന്ദ്രത്തിലേയ്ക്കുള്ള മീൻമുട്ടി വെള്ളച്ചാട്ട റോഡിന്റെ വികസനത്തിനായി താഴെ പറയുന്ന വിവിധ ബഡ്ജറ്റ് ഹെഡുകളിലായി 36 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നിർദ്ദിഷ്ട ജോലികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തിക്ക് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. 2406-01-101-84-XIII Fin 10 ലക്ഷം രൂപ

2. 2406-01-800-61- IFM 14 ലക്ഷം രൂപ

3. 4406-01-070-99-Roads and Bridges 5 ലക്ഷം രൂപ

4. 4406-01-800-91- Ecotourism 7 ലക്ഷം രൂപ

വനത്തിനുള്ളിൽ കഴിയുന്ന കർഷകരുടെ ക്ഷേമത്തിനായി നടപടി

121 (4473) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനത്തിനകത്ത് താമസിക്കുന്ന പാട്ടകർഷകരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) 1929 മുതൽ പാട്ടവ്യവസ്ഥയിൽ കൃഷിചെയ്തും താമസിച്ചും വരുന്ന ഈ വിഭാഗത്തിന് ഗവൺമെന്റിന്റെ ആനുകൂല്യങ്ങൾ ഒന്നും ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ കർഷകരുടെ പുനരധിവാസപദ്ധതി യാഥാർത്ഥ്യമാകുംവരെ സർക്കാരിന്റെ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനുള്ള എൻ.ഒ.സി. നൽകാൻ വനംവകുപ്പ് അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഡി) ഇവരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ എന്തെല്ലാം നടപടികളാണ് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) പാട്ടകർഷകരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടില്ല.

(ബി) പാട്ടവ്യവസ്ഥയിൽ കൃഷി ചെയ്ത് താമസിച്ച് വരുന്ന കൃഷിക്കാർക്ക് വനഭൂമിയിൽ ക്രയവിക്രയ സ്വാതന്ത്ര്യമില്ലാത്തതിനാൽ പരിപൂർണ്ണ ക്രയവിക്രയ സ്വാതന്ത്ര്യമുള്ള സ്വന്തം ഭൂമിക്ക് ലഭ്യമായേക്കാവുന്ന വായ്പ പോലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഈ കാര്യം പരിശോധിക്കുന്നതാണ്.

(ഡി) പാട്ടവ്യവസ്ഥയിൽ വനഭൂമിയിൽ താമസിക്കുന്നവർക്ക് മാത്രമായി നടപടികൾ സ്വീകരിക്കാറില്ല. എന്നാൽ വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന സ്ഥലങ്ങളിൽ വ്യക്തികളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന വിധത്തിലുള്ള വന്യജീവി ആക്രമണത്തിൽനിന്നും കർഷകരെ രക്ഷിക്കുന്നതിന് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുന്നുണ്ട്. ട്രഞ്ചുകൾ, വൈദ്യുത കമ്പിവേലി എന്നിവ നിർമ്മിച്ച് വന്യജീവി ആക്രമണത്തിൽ നിന്നും കർഷകരെ രക്ഷിക്കാൻ വനം വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly